LIBRARY ARCHIVES Kerala Legislative Assembly

കുളമാവിലേക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് നടപടി

137 [3191] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. പി. ജെ. ജോയി:
„ ഡി. സുഗതൻ:
„ ഇ. എം. അഗസ്തി:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി. ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പ് ചക്കിമാലി, ഉറുമ്പള്ളി, കടപ്പക്കാനം, മുല്ലക്കാനം എന്നീ പ്രദേശങ്ങളിലധിവസിച്ചിരുന്ന ആദിവാസികൾ കുളമാവിലെത്തിച്ചേരുന്നതിനായി ഉപയോഗിച്ചിരുന്ന ഒറ്റത്തടി വള്ളങ്ങളും ചങ്ങാടങ്ങളും വനം വകുപ്പധികൃതർ പിടിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.റ്റി.പി.സി. ബോട്ട് സർവ്വീസ് നിലച്ചപ്പോൾ ഈ സ്ഥലങ്ങളിലുള്ള ആദിവാസികൾക്ക് കുളമാവിലെത്തുന്നതിനായി വനം വകുപ്പോ പട്ടികവർഗ്ഗ ക്ഷേമ വകുപ്പോ വള്ളമോ, ചങ്ങാടമോ നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അവശ്യസാധനങ്ങൾ വാങ്ങുന്നതിന് കുളമാവിലെത്തുന്നതിനുവേണ്ട യാത്രാസൗകര്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഇത് സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ 2004-2005-ലെ കോർപ്പസ് ഫണ്ട്

138 [3192] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ 2004-2005-ലെ കോർപ്പസ് ഫണ്ടിൽ ആകെ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര രൂപ ഏതെല്ലാം പദ്ധതികൾക്കായി 2005 ഫെബ്രുവരി 28 വരെ ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പഞ്ചായത്തിലെ ഉത്തൂർ ട്രൈബൽ കോളനിയും പയ്യാവൂർ പഞ്ചായത്തിലെ കാഞ്ഞിരക്കൊല്ലിയിലെ ട്രൈബൽ കോളനിയും കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-2005 വർഷം പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക 1879.76 ലക്ഷം രൂപയാണ്.

(ബി) 2005 ഫെബ്രുവരി 28 വരെ ഈ പദ്ധതിയിൽ നിന്നും 1424.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കോളനികളുടെ വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, കോളനി റോഡുകൾ അടിവൃദ്ധിപ്പെടുത്തലും ടാറിംഗും, നടപ്പാലങ്ങളുടെ നിർമ്മാണം, ചെറുകിട ജലസേചന പദ്ധതികൾ, സൊസൈറ്റികൾക്ക് ധനസഹായം, പ്രീ-മെട്രിക് ഹോസ്റ്റലുകൾ/ഏകാദ്ധ്യാപക/ നഴ്സറി സ്കൂളുകൾ എന്നിവയ്ക്കും അടിസ്ഥാന സൗകര്യ വികസനം, അപ്രന്റീസ് ക്ളാർക്കുകളുടെ ഓണറേറിയം എന്നീ പരിപാടികൾക്കുമായിട്ടാണ് ഈ തുക ചെലവഴിച്ചിരിക്കുന്നത്.

(സി) ഈ ട്രൈബൽ കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്റ്റ് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ നടപ്പാക്കുന്നതിന്റെ മാർഗ്ഗ രേഖകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ആത്മഹത്യ ചെയ്ത രജനി എസ്. ആനന്ദ് എന്ന വിദ്യാർത്ഥിനിയുടെ കുടുംബത്തിന് നഷ്ടപരിഹാരം

139 [3193] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആത്മഹത്യ ചെയ്ത രജനി എസ്. ആനന്ദ് എന്ന വിദ്യാർത്ഥിനിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും സഹോദരന് സർക്കാർ ജോലി നൽകണമെന്നും പട്ടികജാതി വികസന ഡയറക്ടർ ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് രജനിയുടെ കുടുംബത്തിന് ആനുകൂല്യം നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ—സി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly